Desabhimani
11 March 2016

▶ കോഴനിയമനം

# മലബാർ സിമന്റ്സിലെ തൊഴിലാളി സമരം 83 ദിവസം പിന്നിട്ടു

പാലക്കാട് > പൊതുമേഖലാസ്ഥാപനമായ മലബാർ സിമന്റ്സിൽ കോഴനിയമനത്തിനെതിരെ തൊഴിലാളികൾ നടത്തുന്ന സമരം 83 ദിവസം പിന്നിട്ടു. യുഡിഎഫ് സർക്കാരിന്റെ അവസാനകാലത്ത് വൻ കോഴവാങ്ങി സിമന്റ്സിൽ നിയമനം നടത്താനുള്ള നീക്കമാണ് ഡിസംബർ 19ന് ആരംഭിച്ച സമരത്തിലൂടെ തൊഴിലാളികൾ പൊളിച്ചത്. സ്ഥാപനത്തിന്റെ വളർച്ചക്ക് വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച കരാർതൊഴിലാളികളെ പാടെ അവഗണിച്ച് പണംവാങ്ങി നിയമനം നടത്താനുള്ള ഒരുക്കം മാനേജ്മെന്റ് ആരംഭിച്ചതോടെയാണ് തൊഴിലാളികൾ സമരരംഗത്ത് എത്തിയത്. തൊഴിലാളികളുമായി ഉണ്ടാക്കിയ കരാർപോലും ലംഘിച്ചായിരുന്നു കോഴ നിയമനനീക്കം.

സമരത്തിന് എംസിഎൽ എംപ്ലോയീസ് യൂണിയന്റെ പൂർണപിന്തുണകൂടി ലഭിച്ചതോടെ സമരം ശക്തമായി. സിപിഐ എം പുതുശേരി ഏരിയസെക്രട്ടറി എസ് സുഭാഷ് ചന്ദ്രബോസ് ചെയർമാനായി സമരസഹായ സമിതികൂടി രംഗത്തുവന്നതോടെ സമരത്തിന്റെ മുഖമാകെ മാറി. അഴിമതി സർക്കാരിനെതിരെയും അതിന് ഒത്താശ ചെയ്യുന്ന മലബാർ സിമന്റ്സ് മാനേജ്മെന്റിനെതിരെയും ആവേശകരമായ നിരവധി സമരമാർഗങ്ങൾ തൊഴിലാളികൾ നടപ്പാക്കി. സിവിൽ സ്റ്റേഷന് മുന്നിൽ തൊഴിലാളികളും കുടുംബാംഗങ്ങളും ചേർന്ന് പ്രതിഷേധ പൊങ്കാലയിട്ടു. മുഖ്യമന്ത്രിയെ ഫോണിൽ വിളിച്ചു പരാതിപറയുന്ന സമരം നടത്തി. ദേശീയപാത ഉപരോധം, ബൈക്ക് റാലി തുടങ്ങിയവയൊക്കെ സമരത്തിന് അനുകൂലമായി ജനശ്രദ്ധതിരിക്കാൻ സഹായകരമായി.

ഇടതുപക്ഷ നേതാക്കളായ പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് വി എസ് അച്യുതാനന്ദൻ, എ കെ ബാലൻ, സി കെ രാജേന്ദ്രൻ, എംഎൽഎമാർ, ജനപ്രതിനിധികൾ തുടങ്ങിയവർ ഉശിര് പകരാൻ സമരപ്പന്തലിലെത്തി. നിരവധി തൊഴിലാളി സംഘടനകൾ ഐക്യദാർഢ്യവുമായി നിത്യേന എത്തിയത് സമരം ചെയ്യുന്ന തൊഴിലാളികൾക്ക് ആവേശം പകർന്നു. .ഇതിനിടയിൽ ക്രമവിരുദ്ധ നിയമനത്തിനെതിരെ കോടതി സ്റ്റേയും പുറപ്പെടുവിച്ചു. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്ന സാഹചര്യത്തിൽ സർക്കാർ വഴിവിട്ട നീക്കത്തിന് വീണ്ടും ഒരുങ്ങില്ല എന്ന പ്രതീക്ഷയിലാണ് തൊഴിലാളികൾ.